milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO/P&I/324/FBS/2025-26 13.07.2026

## സർക്കുലർ നമ്പർ 1095 /2026

**വിഷയം :- 2025-26 വർഷത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ച ക്ഷീര സംഘങ്ങൾക്ക് മലബാർ മേഖലാ യൂണിയൻ അവാർഡ് നൽകുന്നത് സംബന്ധിച്ച്.**

മലബാർ മേഖലാ യൂണിയന്റെ പരിധിയിലുള്ള ആറ് ജില്ലകളിലെ ക്ഷീര സംഘങ്ങളിൽ നിന്നും താഴെപ്പറയുന്ന അഞ്ച് വിഭാഗങ്ങളിലായി 2025-26 വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്ര.നം. | അവാർഡ് വിഭാഗം | മേഖലാ യൂണിയൻ തലത്തിലുള്ള അവാർഡ് | ജില്ലാ തലത്തിലെ അവാർഡ് |
|---|---|---|---|
| 1. | ഏറ്റവും മികച്ച ആനന്ദ് മാതൃകാ ക്ഷീര സംഘം. | 25,000 രൂപയും, പ്രശസ്തി പത്രവും, അനുമോദന ഫലകവും | 10,000 രൂപയും, പ്രശസ്തി പത്രവും, അനുമോദന ഫലകവും |
| 2. | ഏറ്റവും മികച്ച ബി.എം.സി സംഘം. | | |
| 3. | ഏറ്റവും നല്ല ഗുണനിലവാരമുള്ള പാൽ നൽകിയ സംഘം. | | |
| 4. | ഏറ്റവും കൂടുതൽ ഉത്പ്പന്ന വിപണനം നടത്തിയ പ്രതിദിനം ശരാശരി 500 ലിറ്ററിന് താഴെ പാൽ യൂണിയന് നൽകിയ സംഘം | | |
| 5. | ഏറ്റവും കൂടുതൽ ഉത്പ്പന്ന വിപണനം നടത്തിയ പ്രതിദിനം ശരാശരി 500 ലിറ്ററോ അതിൽ കൂടുതലോ പാൽ യൂണിയന് നൽകിയ സംഘം | | |

താഴെപ്പറയുന്ന പൊതുവായ നിബന്ധനകൾക്ക് അനുസൃതമായിട്ടായിരിക്കും അവാർഡുകൾക്കായി സംഘങ്ങളെ പരിഗണിയ്ക്കുക.

1. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏതെങ്കിലും വിഭാഗത്തിൽ മേഖലാ യൂണിയൻ തലത്തിൽ അവാർഡ് നേടിയ സംഘങ്ങൾക്ക് മേഖലാ യൂണിയൻ തല അവാർഡിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

2. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ജില്ലാ തലത്തിൽ അവാർഡ് നേടിയ സംഘങ്ങൾക്ക് അതേ വിഭാഗത്തിലുള്ള ജില്ലാ തല അവാർഡിന് അപേക്ഷിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മുൻകാലങ്ങളിൽ ജില്ലാ തല അവാർഡ് നേടിയ ക്ഷീര സംഘങ്ങൾക്ക് മേഖലാ യൂണിയൻ തല അവാർഡിന് അപേക്ഷിക്കാവുന്നതാണ്.

3. നിലവിലുള്ള സംഘം ഭരണസമിതിയുടെ കാലയളവിൽ നാളിതുവരെ സാമ്പത്തിക ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്യാത്ത ക്ഷീര സംഘങ്ങൾ ആയിരിക്കണം.

4. ജില്ലാ തലത്തിൽ മികച്ച ക്ഷീര സംഘങ്ങളായി തെരഞ്ഞെടുത്ത സംഘങ്ങളെ സ്വാഭാവികമായി അതേ വിഭാഗത്തിലെ യൂണിയൻ തല അവാർഡിനായി പരിഗണിക്കുന്നതാണ്.

5. 2025-26 സാമ്പത്തിക വർഷത്തിൽ സംഘം സംഭരിച്ച പാലിൽ നിന്നും ചുരുങ്ങിയത് 50 ശതമാനമെങ്കിലും മേഖലാ യൂണിയന് നൽകിയ ക്ഷീര സംഘമായിരിക്കണം. എന്നാൽ മിൽമ ഉത്പ്പന്ന വിപണനത്തിനുള്ള അവാർഡുകൾക്ക് ഈ നിബന്ധനകൾ ബാധകമല്ല.

6. മികച്ച ആനന്ദ് മാതൃക ക്ഷീര സംഘത്തിനുള്ള അവാർഡിനായി (ക്രമ നമ്പർ:1) അപേക്ഷിക്കുന്ന ക്ഷീര സംഘത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ/2025-26 സാമ്പത്തിക വർഷത്തെ അല്ലെങ്കിൽ അവസാന സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ആഡിറ്റ് ക്ലാസിഫിക്കേഷൻ "എ" അല്ലെങ്കിൽ "ബി" ആയിരിക്കണം.

   എന്നാൽ മറ്റ് അവാർഡ് വിഭാഗങ്ങളിലേക്ക് (ക്രമ നമ്പർ: 2,3) അപേക്ഷ സമർപ്പിക്കുന്ന ക്ഷീര സംഘങ്ങൾക്ക് 2025-26 സാമ്പത്തിക വർഷത്തിലെ, അല്ലെങ്കിൽ ഏറ്റവും അവസാന ആഡിറ്റ് റിപ്പോർട്ടിലെ, അല്ലെങ്കിൽ അവസാന ആഡിറ്റ് നടന്ന സാമ്പത്തിക വർഷത്തിന് പുറകോട്ടുള്ള തുടർച്ചയായ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ആഡിറ്റ് ക്ലാസ്സിഫിക്കേഷൻ 'എ' അല്ലെങ്കിൽ 'ബി' ആയിരിക്കണം.

7. ആനന്ദ് മാതൃകാ നിയമാവലിയ്ക്ക് വിധേയമായും, മേഖലാ യൂണിയൻ നിർദ്ദേശങ്ങൾക്ക് അനുസരിച്ചും പ്രവർത്തിക്കുന്ന ക്ഷീര സംഘമായിരിക്കണം.

8. ക്ഷീര സംഘം പാൽ സംഭരണം ആരംഭിച്ച് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

9. ക്രമ നമ്പർ 1,2,3 എന്നീ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിലോ, രണ്ടിലോ, മൂന്നിലുമോ സംഘത്തിന് അവാർഡിനായി അപേക്ഷ സമർപ്പിക്കാമെങ്കിലും ഒരു ക്ഷീര സംഘത്തിനെ ഏതെങ്കിലും ഒരു വിഭാഗത്തിലേയ്ക്ക് മാത്രമേ അവാർഡിനായി അന്തിമമായി പരിഗണിയ്ക്കുകയുള്ളു.

10. മേഖലാ യൂണിയന്റെ വാർഷിക പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹകരിച്ച സംഘങ്ങൾ ആയിരിക്കണം.

11. 2025-26 സാമ്പത്തിക വർഷത്തിൽ മിൽമ കാലിത്തീറ്റ വാങ്ങി കർഷകർക്ക് വിതരണം ചെയ്ത സംഘമായിരിക്കണം.

12. ക്ഷീര സംഘത്തിന്റെ ഏറ്റവും അവസാനം നടന്ന വാർഷിക പൊതുയോഗത്തിൽ സംഘത്തിലെ മികച്ച ക്ഷീര കർഷകർക്ക് മേഖലാ യൂണിയന്റെ ഉപഹാരം നൽകിയ സംഘം എന്നതിന് പരിഗണന ഉണ്ടാകും.

ഓരോ വിഭാഗം അവാർഡുകൾക്കും പരിഗണിയ്ക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. **ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കുള്ള അവാർഡ്.**

   2025-26 സാമ്പത്തിക വർഷത്തിൽ ക്ഷീര സംഘത്തിൽ പാലളക്കുന്ന അംഗങ്ങളുടെ ശതമാനം, അംഗത്വത്തിലുള്ള വർദ്ധനവ്, മേഖലാ യൂണിയന് നൽകുന്ന പാലിന്റെ ശതമാനം, പാലിന്റെ ഗുണനിലവാരം (കൊഴുപ്പ്, എസ്.എൻ.എഫ്, എം.ബി.ആർ സമയം), ഭരണസമിതി യോഗങ്ങളിലേയും വാർഷിക പൊതുയോഗത്തിലേയും പങ്കാളിത്തം, മുൻകൊല്ലത്തേക്കാൾ സംഭരണത്തിലും ഗുണനിലവാരത്തിലും ഉണ്ടായ വർദ്ധനവ്, മേഖലാ യൂണിയന്റെ ഉൽപ്പന്ന വിപണനത്തിലെ പങ്കാളിത്തം, സ്ത്രീ പങ്കാളിത്തം, ഓഡിറ്റ് ക്ലാസിഫിക്കേഷൻ, ബോണസ് വിതരണം, ചിട്ടയായ പ്രവർത്തനം, കർഷക ക്ഷേമ പദ്ധതികൾ, സംഘം ഓഫീസ്, പരിസരം, പാൽ സംഭരണം നടത്തുന്ന സ്ഥലം എന്നിവയുടെ വൃത്തി, റിപ്പോർട്ടുകൾ സമയബന്ധിതമായി നൽകൽ, സംഘത്തിലും കർഷകരുടെ ഇടയിലും നൂതന പദ്ധതികളും ആശയങ്ങളും നടപ്പിലാക്കൽ, സമൂഹത്തിൽ നടത്തുന്ന ഇടപെടലുകൾ തുടങ്ങിയ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഏറ്റവും നല്ല ആനന്ദ് മാതൃകാ ക്ഷീര സംഘത്തെ തെരഞ്ഞെടുക്കുക.

2. **മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ബി.എം.സി സംഘങ്ങൾക്കുള്ള അവാർഡ്**

   2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനം, സംഭരണത്തിലും ടെസ്റ്റിങ്ങിലുമുള്ള കാര്യക്ഷമത, പാലിന്റെ രാസ, അണു ഗുണനിലവാരം, പാൽ ക്യാനുകൾ, ടെസ്റ്റിംഗ് ഉപകരണങ്ങൾ, പൈപ്പ് ലൈനുകൾ എന്നിവയുടെ വൃത്തി, കൂളർ/പരിസര ശുചിത്വം, ഇന്ധന ക്ഷമത, ഉപകരണങ്ങളുടെ ശരിയായ പ്രവർത്തിപ്പിക്കൽ, ജീവനക്കാരുടെ യൂണിഫോമിന്റെ ഉപയോഗം, ലോഗ് ബുക്കുകൾ ശരിയായി എഴുതി സൂക്ഷിക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിച്ചായിരിക്കും അവാർഡ് നിർണയിക്കുന്നത്. ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് ക്ഷീര സംഘങ്ങളെ അവാർഡിനായി പരിഗണിക്കുന്നത്.

3. **മികച്ച ഗുണനിലവാരമുള്ള പാൽ സംഭരിക്കുന്ന ക്ഷീര സംഘങ്ങൾക്കുള്ള അവാർഡ്**

   മേഖലാ യൂണിയനിലേയ്ക്ക് നൽകിയ പാലിന് ശരാശരി 4 % ഫാറ്റും, 8.4 % എസ്.എൻ.എഫും, 180 മിനിറ്റിൽ കൂടുതൽ എം.ബി.ആർ സമയം ഉള്ളതും, പാൽ സംഭരണ സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതുമായ ക്ഷീര

REGIONAL CO-OPERATIVE MILK PRODUCERS

സംഘങ്ങളെയായിരിക്കും അവാർഡിന് പരിഗണിക്കുക. ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിച്ച ക്ഷീര സംഘങ്ങൾക്കും, സ്റ്റെയിൻലൻസ് സ്റ്റീൽ ക്യാനുകളും, പാൽ പരിശോധനാ ഉപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്ന ക്ഷീര സംഘങ്ങൾക്കും, അഫ്ളാടോക്സിൻ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച സംഘങ്ങൾക്കും, ഏതാണ്ട് മുഴുവൻ കർഷകരും സ്റ്റീൽ പാത്രങ്ങളിൽ പാൽ കൊണ്ടുവരുന്ന സംഘങ്ങൾക്കും മുൻഗണന നൽകുന്നതാണ്. ക്ലസ്റ്റർ ഉള്ള ബി.എം.സി സംഘങ്ങളെ ഈ വിഭാഗത്തിലുള്ള അവാർഡിനായി പരിഗണിക്കുന്നതല്ല.

4. **ഏറ്റവും കൂടുതൽ തുകയ്ക്കുള്ള മിൽമ ഉൽപ്പന്നങ്ങൾ വിപണനം നടത്തിയ ക്ഷീര സംഘത്തിനുള്ള അവാർഡ്.**

2025-26 സാമ്പത്തിക വർഷത്തിൽ 500 ലിറ്ററിന് താഴെ പാൽ മിൽമയിൽ നൽകിയ സംഘങ്ങളെന്നും, 500 ലിറ്ററോ അതിൽ കൂടുതലോ പാൽ മിൽമയിൽ നൽകിയ സംഘങ്ങൾ എന്നും സംഘങ്ങളെ രണ്ടായി വിഭജിച്ച് ഓരോ വിഭാഗത്തിൽ നിന്നും മേഖലാ യൂണിയൻ തലത്തിലും ജില്ലാതലത്തിലും ഏറ്റവും കൂടുതൽ തുകയ്ക്ക് മിൽമ ഉൽപ്പന്നങ്ങൾ വിപണനം നടത്തിയ ക്ഷീര സംഘങ്ങളെയാണ് അവാർഡിനായി തെരഞ്ഞെടുക്കുക. ജില്ലാതലത്തിലും മേഖലാ യൂണിയൻ തലത്തിലും അവാർഡിന് അർഹരായ ക്ഷീര സംഘങ്ങളെ 2025-26 സാമ്പത്തിക വർഷത്തിൽ നടത്തിയ മൊത്തം മിൽമ ഉൽപ്പന്ന വിപണന തുകയെ അടിസ്ഥാനപ്പെടുത്തി മേഖലാ യൂണിയൻ നേരിട്ട് കണ്ടെത്തുന്നതായിരിക്കും. ആയതിന് പ്രത്യേകമായി അപേക്ഷ അയക്കേണ്ടതില്ല.

ഏറ്റവും നല്ല ക്ഷീര സംഘങ്ങളെയും, ഏറ്റവും നല്ല ബി.എം.സി. സംഘങ്ങളെയും ഏറ്റവും നല്ല ഗുണനിലവാരമുള്ള പാൽ നൽകുന്ന ക്ഷീര സംഘങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പി ആന്റ് ഐ ഓഫീസുകളിൽ നിന്ന് ലഭിക്കുന്നതാണ്. അതോടൊപ്പം സർക്കുലറും അപേക്ഷാ ഫോമും മേഖലാ യൂണിയന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.malabarmilma.com - 15.07.2026 തിയ്യതി മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ **2026 ജൂലൈ മാസം 28 നു മുൻപായി** പി ആന്റ് ഐ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. ജില്ലാ/പി ആന്റ് ഐ യൂണിറ്റ് മേധാവികൾ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ ശ്രേണി പട്ടിക തയ്യാറാക്കി ജൂലൈ 31 ന് മുമ്പായി ഹെഡ് ഓഫീസിൽ ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്.

**സംഘങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയ്യതി } 2026 ജൂലൈ 28**

15/7

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

**എല്ലാ ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങൾക്കും**

പകർപ്പ് : എല്ലാ ജില്ലാ/പി&ഐ സബ് യൂണിറ്റ് മേധാവികൾക്കും (31.07.2026 ന് മുമ്പായി ഹെഡ് ഓഫീസിലേക്ക് ശ്രേണി പട്ടിക അയക്കുന്നതിലേക്കായി)